# 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2160** **21-06-2024 - ൽ മറുപടിയ്ക്ക്**

## അരൂർ മണ്ഡലത്തിലെ ആർദ്രം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | അരൂർ മണ്ഡലത്തിലെ താലൂക്ക് ഹോസ്പിറ്റൽ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, പ്രാഥമിക ആരോഗ്യ കേന്ദ്രം എന്നിവ വഴി ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; | (എ) | അരൂർ മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങളിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ആർദ്രം മിഷൻ വഴി സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (ബി) | ആർദ്രം പദ്ധതിയുടെ ഭാഗമായി അരൂർ മണ്ഡലത്തിലെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും രണ്ടു ഡോക്ടർമാരുടെ സേവനം ആരോഗ്യ വകുപ്പ് മുഖാന്തരം ഉറപ്പാക്കിയിട്ടുണ്ട്. ഇത് കൂടാതെ ഉച്ചകഴിഞ്ഞുള്ള ഒ.പി സേവനങ്ങൾ നൽകുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപങ്ങൾ മുഖാന്തരം ഡോക്ടറിനെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിച്ചു സേവനങ്ങൾ നൽകുന്നുണ്ട്. അരൂർ എഫ്.എച്ച്.സി, അരൂക്കുറ്റി സി എച്ച് സി, തൈക്കാട്ടുശ്ശേരി സി.എച്ച്.സി, പള്ളിപ്പുറം എഫ്.എച്ച്.സി. എന്നിവിടങ്ങളിൽ ഉച്ചകഴിഞ്ഞുള്ള ഒ.പി സേവനങ്ങൾ നടക്കുന്നുണ്ട്. ജീവിതശൈലി രോഗ നിർണ്ണയവും ക്യാൻസറിന്റെ ഏർലി ഡിറ്റെക്ഷനുമായി ബന്ധപ്പെട്ട ശൈലി ആപ്ലിക്കേഷൻ മുഖേന ആശാ വർക്കർമാർ വഴിയായി സർവേയും തുടർന്ന് ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ മുഖേന സ്ക്രീനിങ്ങും തുടർ ചികിത്സയും ഉറപ്പാക്കുന്നുണ്ട്. ഏകാരോഗ്യ പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ശക്തമായ ഒരു കമ്മ്യൂണിറ്റി ബേസ്ഡ് സർവെയ്‌ലെൻസ് ഒരുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതിന്റെ ആദ്യഘട്ടമായി വാർഡ് തലത്തിൽ 56 പേരടങ്ങുന്ന ടീമിന് പരിശീലനം നൽകി. കൂടാതെ പഞ്ചായത്ത് തലത്തിൽ വൺ ഹെൽത്ത് കമ്മിറ്റി കൂടുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ തുടർ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഹബ്&സ്പോക്ക് ലാബ് നെറ്റ്‌വർക്ക് സിസ്റ്റത്തിന്റെ ഭാഗമായി മണ്ഡലത്തിലെ എല്ലാ ആരോഗ്യ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളിലേയും സാമ്പിളുകൾ മുകൾത്തട്ടിൽ കൊണ്ടുപോയി പരിശോധന നടത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എഴുപുന്ന കുടുംബരോഗ്യ കേന്ദ്രം, അരൂക്കുറ്റി സാമൂഹികരോഗ്യ കേന്ദ്രം എന്നിവയെ ബ്ലോക്ക് കുടുംബരോഗ്യ കേന്ദ്രങ്ങളായി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | പ്രവൃത്തിയുടെ പേര് | നിർമ്മാണ പുരോഗതി |
|---|---|---|---|
| 1. | കുടുംബാരോഗ്യ കേന്ദ്രം പെരുമ്പളം | സാമൂഹികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | നിർമ്മാണം പൂർത്തീകരിച്ചു |
| 2. | ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രം അരൂക്കുറ്റി | സാമൂഹികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | നിർമ്മാണം പൂർത്തീകരിച്ചു 37.5 ലക്ഷത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചു<br><br>ഫിനാൻസ് ഗ്രാന്റ് സ്കീം 2 പ്രകാരമുള്ള ഫണ്ട് ബ്ലോക്ക് പഞ്ചാത്തിലേക്ക് അനുവദിച്ചിട്ടുണ്ട്. |
| 3. | കുടുംബാരോഗ്യ കേന്ദ്രം പള്ളിപ്പുറം | പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | നിർമ്മാണം പൂർത്തീകരിച്ചു |
| 4. | കുടുംബാരോഗ്യ കേന്ദ്രം പാണാവള്ളി | പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | നിർമ്മാണം പൂർത്തീകരിച്ചു |
| 5. | കുടുംബാരോഗ്യ കേന്ദ്രം തുറവൂർ സൗത്ത് | പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | 70%നിർമ്മാണം പൂർത്തീകരിച്ചു. നിർമ്മാണം പുരോഗമിക്കുന്നു. |
| 6. | കുടുംബാരോഗ്യ കേന്ദ്രം അരൂർ | പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | നിർമ്മാണം പൂർത്തീകരിച്ചു. ഉദ്ഘാടനം ചെയ്തു |
| 7. | കുടുംബാരോഗ്യ കേന്ദ്രം എഴുപുന്ന | പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | നിർമ്മാണം പൂർത്തീകരിച്ചു. |
| 8. | കുടുംബാരോഗ്യ കേന്ദ്രം കോടംതുരുത്ത് | പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | നിർമ്മാണം പൂർത്തീകരിച്ചു. |
| 9. | കുടുംബാരോഗ്യ കേന്ദ്രം പള്ളിത്തോട് | പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | നിർമ്മാണം പൂർത്തീകരിച്ചു. |
| 10. | കുടുംബാരോഗ്യ കേന്ദ്രം വല്ലത്തോട് | പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | നിർമ്മാണം പൂർത്തീകരിച്ചു. |
| 11. | അരൂക്കുറ്റി കുടുംബാരോഗ്യ കേന്ദ്രം | പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | നിർമ്മാണം പുരോഗമിക്കുന്നു. |

Shaila. M

സെക്ഷൻ ഓഫീസർ